# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2887** — **17/10/2016-ൽ മറുപടിക്ക്**

## സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ ചുമതലപ്പെട്ട സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ മതിയായ സൗകര്യങ്ങളില്ലാത്തതിനാൽ ഫാർമസികളിലെത്തുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | എ) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ പ്രവർത്തിക്കുന്ന പരിശോധനാ ലബോറട്ടറികളിൽ ഗുണനിലവാര പരിശോധനയ്ക്കായി എത്തുന്ന എല്ലാ മരുന്നുകളും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ചില സാങ്കേതിക കാരണങ്ങളാൽ, അതായത് റഫറൻസ് സ്റ്റാൻഡേർഡിന്റെ ദൗർലഭ്യം പോലുള്ള ചില അപൂർവ്വ സന്ദർഭങ്ങളിൽ മാത്രമാണ് പരിശോധന നടത്താൻ ബുദ്ധിമുട്ട് നേരിടുന്നത്. ഒരു മരുന്ന് ഗുണനിലവാരപരിശോധനയ്ക്ക് വിധേയമാക്കുന്നത് അതാത് ഫാർമകോപ്പിയ പ്രകാരമുള്ള വിവിധ പരിശോധനകൾ നടത്തിയാണ്. ഇത്തരത്തിൽ ഒരു മരുന്നിന് നിഷ്കർഷിച്ചിട്ടുള്ള 10 മുതൽ 15 വരെയുള്ള വിവിധ പരിശോധനകൾക്ക് ശേഷമാണ് ആയത് ഗുണനിലവാരമുള്ളതാണോ അല്ലയോ എന്ന് തീരുമാനിയ്ക്കുന്നത്. ഇത്തരം പരിശോധനകൾ നടത്തുന്നതിന് സാധാരണനിലയിൽ രണ്ട് മാസത്തെ സമയം ആവശ്യമാണ്. ചില മരുന്നുകളുടെ സ്വഭാവ സങ്കീർണ്ണത അനുസരിച്ച് പരിശോധനയ്ക്കായി കൂടുതൽ സമയം വേണ്ടിവരാറുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന മരുന്ന് പരിശോധനാ ലബോറട്ടറികളിൽ കഴിവതും പെട്ടെന്ന് തന്നെ മരുന്ന് പരിശോധന നടത്തുന്നതിലേയ്ക്കായി സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റ്സ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ആയതിനാൽ മതിയായ |

കാരണങ്ങളില്ലാതെ പരിശോധനയ്ക്കായി ശേഖരിക്കുന്ന മരുന്ന് സാമ്പിളുകൾ യഥാസമയം പരിശോധന പൂർത്തിയാകാതെ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ബി)** ലാബുകളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും പുതിയ ലാബുകൾ ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ;

**ബി)** മരുന്നുകളുടെ ഷെൽഫ് ലൈഫ് കാലാവധിയിൽ ഉടനീളം നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി മരുന്നുകളുടെ റാന്റം സാംപ്ളിങ്ങ് നടത്തി ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പ്രവർത്തനസജ്ജമായിട്ടുള്ള തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പ്രതിവർഷം 4000 മരുന്ന് സാമ്പിളുകളും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ നിലവിൽ 4000 സാമ്പിളുകളും പരിശോധിക്കാനുള്ള സംവിധാനം ഉണ്ട്. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിലും മരുന്ന് പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ) സർക്കാർ ആശുപത്രികളിൽ വിതരണത്തി- നായെത്തിക്കുന്ന ഓരോ ബാച്ച് മരുന്നുകളും എൻ.എ.ബി.എൽ ലബോറട്ടറികളിൽ പരിശോധിച്ച് വിതരണം ചെയ്യണമെന്ന് നിർമ്മാതാക്കളോട് നിഷ്കർഷിക്കുന്നുമുണ്ട്.

**സി)** സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ ജീവനക്കാരുടെ കുറവ് പരിഹരിച്ചും ആവശ്യമായ ഫണ്ട് ലഭ്യമാക്കിയും മരുന്ന് പരിശോധന ക്രിയാത്മകമായി നടത്താൻ നടപടി സ്വീകരിക്കുമോ;

**സി)** പരിശോധിയ്ക്കുന്നതാണ്.

**ഡി)** പരിശോധന ശക്തിപ്പെടുത്തുവാൻ ഡ്രഗ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അവ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

**ഡി)** ഡ്രഗ് ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ല. എന്നിരുന്നാലും ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്ന് ഡ്രഗ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**